പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 4

മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

## ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ടതുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനിക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

പഠനപ്രവർത്തനങ്ങൾ വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് ഈ കൈപ്പുസ്തകം തയാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കി യിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠനസാമഗ്രി കളിലെ പ്രവർ ത്തനങ്ങളും യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസു കൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസനത്തി നായി ഉപയോഗിക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്ത നങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തനങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്നതിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതിയും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണ്ണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹ ജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ

പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹസമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം. അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം നാലാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. നാലാംക്ലാസിലെ വായന, ലേഖനം എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിന് ആശയാവതരണരീതിയിലുള്ള ജൈവപാഠങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതിശാസ്ത്രമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. അക്ഷരതലത്തിലും പദതലത്തിലും വാക്യതലത്തിലുമുള്ള പഠനപ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് മുഴുവൻ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ക്ലാസ് 4**

**മലയാളം**

അധ്യാപിക **"കുഞ്ഞാറ്റയും കുഞ്ഞിപ്പന്തും"** എന്ന കഥ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

**ആഖ്യാനം**

**കുഞ്ഞാറ്റയും കുഞ്ഞിപ്പന്തും**

താഴെതന്നിരിക്കുന്ന കഥ അധ്യാപിക ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു









*പുസ്തകസഞ്ചി മേശപ്പുറത്ത് വച്ച് കുഞ്ഞാറ്റ കളിപ്പാട്ടങ്ങൾ വച്ചിരുന്നിടത്തേക്ക് ഓടി. എല്ലാം അവിടെത്തന്നെയുണ്ട്. അപ്പൂപ്പനും അമ്മൂമ്മയുമൊക്കെ വാങ്ങിത്തന്നവ. അവൾ പിറന്നാളിന് അച്ഛൻ വാങ്ങിത്തന്ന പുതിയ സമ്മാനപ്പെട്ടി കൈയിലെടുത്തു. പെട്ടിക്കുള്ളിൽ എന്താണെന്നോ.... പല നിറങ്ങളിലുള്ള കുഞ്ഞിപ്പന്തുകൾ. എന്നും സ്കൂൾ വിട്ടു വന്നാലുടനെ കുഞ്ഞാറ്റ പെട്ടി തുറന്നുനോക്കും. " എല്ലാവരും അതിനുള്ളിലുണ്ടോ... പച്ച, നീല, മഞ്ഞ...പല നിറത്തിൽ അവരിങ്ങനെ നിരനിരയായി ഇരിക്കുന്നതു കാണാൻ എന്തു രസമാണെന്നോ... പല നിറത്തിലുള്ള പന്തുകളുണ്ടെങ്കിലും കുഞ്ഞാറ്റയ്ക്കേറെയിഷ്ടം നല്ല തുടുത്ത കവിളുകളുള്ള മഞ്ഞനിറമുള്ള ചിരിക്കുന്ന കുഞ്ഞിപ്പന്തിനെയായിരുന്നു. അവനോടൊപ്പം കളിക്കാൻ കുഞ്ഞാറ്റയ്ക്ക് എന്തിഷ്ടമായിരുന്നെന്നോ. കുഞ്ഞാറ്റയുടെ പഞ്ഞിപോലുള്ള കുഞ്ഞിക്കൈകളിലിരി*

*ക്കാൻ കുഞ്ഞിപ്പന്തിനും ഇഷ്ടം തന്നെ. കുഞ്ഞാറ്റ കുഞ്ഞിപ്പന്തിനെ മെല്ലെ മെല്ലെ തട്ടിക്കളി ക്കും. ഉറങ്ങാൻ നേരം കുഞ്ഞിപ്പന്തിന് ഉമ്മ കൊടുക്കും അങ്ങനെ കുഞ്ഞാറ്റയും കുഞ്ഞിപ്പന്തും സന്തോഷത്തോടെ കഴിഞ്ഞു.* (കഥ അവതരിപ്പിച്ചശേഷം പ്രവർത്തനത്തിലേക്ക്)


**പ്രവർത്തനം 1 : വരയ്ക്കാം നിറം നൽകാം.**

| ശേഷികൾ/ധാരണകൾ |
| --- |
| • നിർദേശങ്ങൾക്കനുസരിച്ച് ചിത്രംവരച്ച് നിറം നൽകുന്നതിന്<br>• ലഘുവാക്യങ്ങൾ എഴുതുന്നതിന് |

അച്ഛൻ കുഞ്ഞാറ്റയ്ക്ക് നൽകിയ സമ്മാനപ്പെട്ടി കണ്ടില്ലേ. കുഞ്ഞിപ്പന്തുകൾ വരച്ചുചേർക്കൂ, നിറം നൽകൂ.

**പ്രവർത്തനകാർഡ് 1 എ**

**വരച്ചുചേർക്കാം നിറംനൽകാം**



കുഞ്ഞാറ്റയ്ക്ക് ഇഷ്ടപ്പെട്ട കുഞ്ഞിപ്പന്തിന് ചില പ്രത്യേകതകളുണ്ടെന്ന് പറഞ്ഞല്ലോ. എന്തൊ ക്കെയായിരുന്നു കുഞ്ഞിപ്പന്തിന്റെ പ്രത്യേകതകളെന്ന് എഴുതി നോക്കിയാലോ. കുഞ്ഞിപ്പ ന്തിന്റെ ചിത്രം കൂടി വരച്ച് ചേർത്ത് ഇഷ്ടമുള്ള പേരുകൂടി നൽകാൻ മറക്കല്ലേ.

**പ്രവർത്തന കാർഡ് 1 ബി**

| **കുഞ്ഞിപ്പന്തിന്റെ പ്രത്യേകതകൾ എഴുതാം ചിത്രംവരയക്കാം** |
| --- |
| |

**പ്രവർത്തനം 2 : ഓടുന്നുണ്ടോടുന്നുണ്ടേ.**

| ശേഷികൾ/ധാരണകൾ |
| --- |
| |

- പദസമ്പത്ത് വർധിപ്പിക്കുന്നതിന്
- കവിതയുടെ താളത്തിനൊത്ത് അനുയോജ്യമായ പദങ്ങൾ കൂട്ടിച്ചേർക്കുന്നതിന്

**പ്രവർത്തന ക്രമം**





കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. അധ്യാപിക ചിരിക്കുന്ന മഞ്ഞപ്പന്ത് ഒരു കുട്ടിക്ക് നൽകുന്നു. വിസിൽ അടിക്കുമ്പോൾ കുട്ടികൾ ഓടുന്നുണ്ടോടുന്നുണ്ടേ മഞ്ഞപ്പന്തോടുന്നുണ്ടേ...... (മാണിക്യച്ചെമ്പഴുക്കയുടെ ഈണത്തിൽ) എന്ന് പാടിക്കൊണ്ട് പന്ത് കൈമാറുന്നു. അടുത്ത വിസിൽ ശബ്ദം കേൾക്കുമ്പോൾ പന്ത് ആരുടെ കയിലാണോ ആ കുട്ടി പുറത്താകുന്നു. ഈ രീതിയിൽ കളി തുടരുന്നു.

മാതൃക

ഓടുന്നുണ്ടോടുന്നുണ്ടേ..............
മഞ്ഞപ്പന്തോടുന്നുണ്ടേ................
കുട്ടി അറിയാതെ ......................
മഞ്ഞപ്പന്തോടുന്നുണ്ടേ................

ഓടുന്നുണ്ടോടുന്നുണ്ടേ..............
..........................................................
..........................................................

**അധ്യാപകരോട്**

മഞ്ഞപ്പന്ത്
കുഞ്ഞിപ്പന്ത്
നല്ല പന്ത്
എന്നിങ്ങനെ
പാട്ടിൽ
പദങ്ങൾ മാറ്റി മാറ്റി
ഈണത്തിൽ
ചൊല്ലുന്നു

**പ്രവർത്തനം 3 : എന്റെ കളിപ്പാട്ടം**

**ശേഷികൾ / ധാരണകൾ**

- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിന്
- വിശേഷണങ്ങൾ ഉൾപ്പെടുത്തി വിവരണങ്ങൾ തയാറാക്കുന്നതിന്

**പ്രവർത്തന ക്രമം**

**ഘട്ടം 1**

അധ്യാപിക കുഞ്ഞിപ്പന്ത് കൈയിലെടുത്ത് കുട്ടികളെ കാണിക്കുന്നു. കുഞ്ഞിപ്പന്തിനെക്കുറിച്ച് കുട്ടികളോട് സംസാരിക്കുന്നു. കുഞ്ഞാറ്റയുടെ കുഞ്ഞിപ്പന്ത് പോലെ നിങ്ങൾക്കും ഇഷ്ടപ്പെട്ട

കളിപ്പാട്ടങ്ങൾ ഇല്ലേ. അവരവർക്ക് ഇഷ്ടപ്പെട്ട കളിപ്പാട്ടത്തെക്കുറിച്ച് സംസാരിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

**ഘട്ടം 2**

അധ്യാപിക വീണ്ടും കുഞ്ഞിപ്പന്തിനെക്കുറിച്ച് സംസാരിക്കുന്നു. ഈ ഘട്ടത്തിൽ അധ്യാപിക വിശേഷണങ്ങൾ ചേർത്ത് മനോഹരമാക്കിയ വാക്യങ്ങൾ ഉൾപ്പെടുത്തിയാണ് സംസാരിക്കേണ്ടത്. കുട്ടികൾക്ക് വീണ്ടും ഇഷ്ട കളിപ്പാട്ടത്തെക്കുറിച്ച് പറയാൻ അവസരം നൽകുന്നു. വിശേഷണങ്ങൾ ചേർക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

**അധ്യാപകരോട്**

ഒന്നാംഘട്ടത്തിൽ വിശേഷണങ്ങൾ ഉപയോഗിക്കാതിരിക്കാനും രണ്ടാം ഘട്ടത്തിൽ വിശേഷണങ്ങൾ ചേർത്ത് മനോഹരമാക്കിയ വാക്യങ്ങൾ ഉപയോഗിക്കാനും അധ്യാപിക ശ്രദ്ധിക്കണം

**പ്രവർത്തനം 4 : കഥ പറയും കളിപ്പാട്ടങ്ങൾ**

**ശേഷികൾ / ധാരണകൾ**

- വാക്യങ്ങൾ വിശേഷണങ്ങൾ ചേർത്ത് സംഭാഷണത്തിൽ പ്രയോഗിക്കുന്നതിന്
- സ്വന്തം ഭാഷയിൽ ഉചിതമായ വിവരണങ്ങൾ എഴുതുന്നതിന്

**പ്രവർത്തനക്രമം**

അധ്യാപിക കൈയിൽ കരുതിയിട്ടുള്ള അഞ്ച് കളിപ്പാട്ടങ്ങളുടെ പേരുകൾ എഴുതിയ പേപ്പർ കാർഡുകൾ മേശപ്പുറത്ത് വയ്ക്കുന്നു. കുട്ടികൾ ഓരോ കാർഡ് വീതം എടുക്കുന്നു. അധ്യാപിക വിസിൽ മുഴക്കുമ്പോൾ കുട്ടികൾ കിട്ടിയ കാർഡിലെ പേരുകൾ ഉറക്കെ വായിക്കുന്നു. ഗ്രൂപ്പിലെ മറ്റ് അംഗങ്ങളെ കണ്ടെത്തി അടുത്ത വിസിൽ ശബ്ദത്തിന് മുമ്പ് ഗ്രൂപ്പുകളാകുന്നു. അവരവർക്ക് കിട്ടിയ കാർഡിലെ പേരുകൾ ഉറക്കെ വായിക്കുന്നു. ഗ്രൂപ്പിലെ മറ്റ് അംഗങ്ങളെ കണ്ടെത്തുന്നു ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും അവരവരുടെ ഗ്രൂപ്പിന്റെ പേരുകൾക്കനുസരിച്ച് അധ്യാപിക കൈയിൽ കരിതിയിരിക്കുന്ന കളിപ്പാട്ടങ്ങൾ നൽകുന്നു. അവരവരുടെ ഗ്രൂപ്പിൽ ലഭിച്ച കളിപ്പാട്ടത്തെക്കുറിച്ച് വിശേഷണങ്ങൾ ചേർത്ത് മനോഹരമാക്കിയ വാക്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവരണങ്ങൾ തയാറാക്കാൻ നിർദേശം നൽകുന്നു. കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. വ്യക്തിഗതമായി തയ്യാറാക്കിയ വിവരണം ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ചചെയ്ത് വേണ്ട തിരുത്തലുകൾ വരുത്തുന്നു. അധ്യാപിക ഓരോ ഗ്രൂപ്പിനും ഓരോ ചാർട്ട് നൽകുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തിയ വിവരണം കുട്ടികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിൽ നിന്നും ഒരാൾ എഴുതി തയാറാക്കിയ വിവരണം ക്ലാസിൽ അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും വിവരണങ്ങൾ എഴുതി തയാറാക്കിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളുടെ അവതരണത്തിന് ശേഷം അധ്യാപിക തയാറാക്കിയ വിവരണം അവതരിപ്പിക്കുന്നു. കുട്ടികളുടെ ചാർട്ടുകൾക്കൊപ്പം അധ്യാപിക എഴുതിയ ചാർട്ടും പ്രദർശിപ്പിക്കുന്നു. ഇതിൽ ഏതെങ്കിലും രചന

**അധ്യാപകരോട്**

അധ്യാപിക വ്യത്യസ്തമായ 5 കളിപ്പാട്ടങ്ങളെങ്കിലും കൈയിൽ കരുതണം. രചനയുടെ ഓരോ ഘട്ടത്തിലും

എഡിറ്റിംഗിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം.

കൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ടോ? ഏതാണ് മികച്ചത്? എന്തുകൊണ്ട്? കുട്ടികൾ അഭിപ്രായം പറയട്ടെ. (ചർച്ച) അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തിയ രചനകൾ നോട്ട് ബുക്കിലേക്ക് എഴുതാൻ അവസരം നൽകുന്നു.

*(കുഞ്ഞാറ്റയും കുഞ്ഞിപ്പന്തും എന്ന കഥയുടെ ആദ്യഭാഗം കുട്ടികളെ ഓർമ്മിപ്പിച്ചു കൊണ്ട് ആഖ്യാനം തുടരുന്നു.) ദിവസവും രാവിലെ കുഞ്ഞാറ്റ സ്കൂളിൽ പോകാൻ ഒരുങ്ങുമ്പോൾ കുഞ്ഞിപ്പന്തിനും കുഞ്ഞാറ്റയുടെ വിദ്യാലയം കാണാൻ കൊതി തോന്നും. ഒരു ദിവസം ആരും കാണാതെ കുഞ്ഞിപ്പന്ത് കുഞ്ഞാറ്റയുടെ പുസ്തകസഞ്ചിയിൽ കയറി വിദ്യാലയത്തിലേക്ക് പോകാൻ തുടങ്ങി. കുഞ്ഞാറ്റ വിദ്യാലയത്തിലേക്ക് നടന്നുതുടങ്ങി. കുഞ്ഞിപ്പന്ത് കുഞ്ഞാറ്റകാണാതെ പുസ്തകസഞ്ചിയിൽ നിന്ന് പതിയെ തല പുറത്തേക്കിട്ടു... 'ഹായ് എന്തു രസമാണ് കുഞ്ഞാറ്റയോടൊപ്പം ഇങ്ങനെ കാഴ്ചകളും കണ്ടിരിക്കാൻ' കുഞ്ഞിപ്പന്ത് കരുതി. കാഴ്ചകളും കണ്ടിരുന്ന് സമയം പോയതറിഞ്ഞില്ല. വിദ്യാലയം എത്തിയതും കുഞ്ഞിപ്പന്ത് ആരും കാണാതെ ഉരുണ്ടുരുണ്ട് താഴെയിറങ്ങി ഒരു ചെടിച്ചട്ടിയുടെ പുറകിൽ ഒളിച്ചിരുന്നു. സ്കൂളിലേക്കുള്ള യാത്രയ്ക്കിടയിൽ കണ്ട കാഴ്ചകൾ ഓർമിക്കാൻ തുടങ്ങി.*

**പ്രവർത്തനം 5 : കുഞ്ഞിപ്പന്തിന്റെ പ്രയാണം**

| **ശേഷികൾ / ധാരണകൾ** |
|---|
| • പദസമ്പത്ത് വർധിപ്പിക്കുന്നതിന്<br>• സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി യാത്രാവിവരണങ്ങൾ തയാറാക്കുന്നതിന് |

**<u>പ്രവർത്തനക്രമം</u>**

**ഘട്ടം 1**

കുഞ്ഞിപ്പന്ത് കണ്ട കാഴ്ചകൾ എന്തൊക്കെയായിരിക്കും? കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. ബോർഡിൽ/ചാർട്ടിൽ എഴുതിയിരിക്കുന്ന പദസൂര്യൻ കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ എഴുതി പൂർത്തിയാക്കുന്നു.




| **<u>അധ്യാപകരോട്</u>** |
|---|
| കുട്ടികൾക്ക് അവരവർ സ്കൂളിലേക്ക് വരുമ്പോൾ കാണുന്ന കാഴ്ചകൾ പറയാനും അത് ബോർഡിൽ/ചാർട്ടിൽ എഴുതാനും അവസരം നൽകണം. |

**ഘട്ടം 2**

പദസൂര്യനിൽ കുട്ടികൾ എഴുതിയ കുഞ്ഞിപ്പന്തിന്റെ കാഴ്ചകൾ ഒരു യാത്രാവിവരണമാക്കി എഴുതാൻ അവസരം നൽകുന്നു. വ്യക്തിഗതമായി എഴുതിയ യാത്രാവിവരണങ്ങൾ വായിച്ചവതരിപ്പിക്കാൻ രണ്ടു മൂന്നു കുട്ടികൾക്ക് അവസരം. തുടർന്ന് കുട്ടികൾക്ക് 5 നിറത്തിലുള്ള കുഞ്ഞിപ്പന്തുകളുടെ ചിത്രംനൽകി ഗ്രൂപ്പുകളാക്കി തിരിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി തയാറാക്കിയ വിവരണങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിൽ നിന്നൊരു കുട്ടി അവതരിപ്പിക്കുന്നു. അധ്യാപിക തയാറാക്കിയ യാത്രാവിവരണവും ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ തയാറാക്കിയ യാത്രാവിവരണങ്ങളും അധ്യാപിക തയാറാക്കിയ യാത്രാവിവരണവും പരിശോധിച്ച് എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്ന് ചർച്ച. മെച്ചപ്പെടുത്തിയ യാത്രാവിവരണങ്ങൾ നോട്ട് ബുക്കിൽ എഴുതുന്നു.

| **<u>അധ്യാപകരോട്</u>** |
|---|
| യാത്രാവിവരണം തയാറാക്കുമ്പോൾ കുട്ടി കണ്ട കാഴ്ചകളുടെ വൈകാരികമായ അവതരണം ഉണ്ടായിരിക്കണം. |

**തുടർപ്രവർത്തനം**

നിങ്ങൾ യാത്ര പോയ ഒരു സ്ഥലത്തെക്കുറിച്ച് ഒരു യാത്രാവിവരണം തയാറാക്കി നോട്ടുബുക്കിൽ കുറിക്കാം.

**ആഖ്യാനം തുടർച്ച**

*കുഞ്ഞിപ്പന്ത് ആരും കാണാതെ ഉരുണ്ടുരുണ്ട് മൈതാനത്തിലെത്തി. കുഞ്ഞിപ്പന്ത് കുഞ്ഞിക്കണ്ണുകൾ വിടർത്തി ചുറ്റുംനോക്കി. ചേട്ടന്മാരും ചേച്ചിമാരും എന്തൊക്കെ കളികളാണ് കളിക്കുന്നതെന്നറിയാൻ അവന് ആകാംക്ഷയായി. മൈതാനത്തിൽ തന്റെ കൂട്ടുകാരായ വലുതും ചെറുതുമായ ധാരാളം പന്തുകൾ ഉപയോഗിച്ച് കുട്ടികൾ കളിക്കുന്നുണ്ട്. ഇവരോടൊപ്പം കളിച്ചാലോ? കുഞ്ഞിപ്പന്ത് ചിന്തിച്ചു.*

| **<u>അധ്യാപകരോട്</u>** |
|---|
| അധ്യാപിക വർക്ക് ഷീറ്റിലെ പന്തുകൾ ഉപയോഗിച്ച് കളിയ്ക്കുന്ന കളികളുടെ ചിത്രങ്ങൾ/ദൃശ്യങ്ങൾ |

**പ്രവർത്തനം - 6 : കണ്ടെത്താം എഴുതാം.**

| **ശേഷികൾ / ധാരണകൾ** |
|---|
| • പദസമ്പത്ത് വർധിപ്പിക്കുന്നതിന്<br>• ഉചിതമായ വാക്കുകൾ തെറ്റുകൂടാതെ എഴുതുന്നതിന് |





വിവിധതരം കളികൾക്ക് ഉപയോഗിക്കുന്ന പന്തുകളുടെ ചിത്രങ്ങൾ അടങ്ങിയ വർക്ക്ഷീറ്റ് ഓരോ കുട്ടികൾക്കും നൽകുന്നു. കുട്ടികൾ വ്യക്തിഗതമായി വർക്ക്ഷീറ്റ് പൂർത്തിയാക്കുന്നു. വ്യക്തിഗത വായനയ്ക്ക് അവസരം നൽകുന്നു. അധ്യാപിക മെച്ചപ്പെടുത്തലിന് ആവശ്യമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ സ്വയം തെറ്റുകൾ തിരുത്തുന്നു.

**പ്രവർത്തനകാർഡ്**

**പന്തുകളുടെ ചിത്രം നോക്കി കളികളുടെ പേരുകൾ എഴുതുക.**









പന്ത് ഉപയോഗിച്ച് കളിക്കുന്ന മറ്റ് ഏതെല്ലാം കളികളുടെ പേരുകൾ നിങ്ങൾക്ക് അറിയാം എഴുതി നോക്കൂ....

**പ്രവർത്തനകാർഡ്**

(ആഖ്യാനത്തിന്റെ ആദ്യ രൂപം ഓർമിപ്പിച്ചുകൊണ്ട് ആഖ്യാനം തുടരുന്നു.) *മൈതാനത്തിലെത്തിയ കുഞ്ഞിപ്പന്ത് ചുറ്റും നോക്കി അതിശയിച്ച് നിൽക്കുന്നത് കാൽപ്പന്ത് കണ്ടു. ചേട്ടന്മാരുടെ കണ്ണുവെട്ടിച്ച് കാൽപ്പന്ത് കുഞ്ഞിപ്പന്തിന്റെ അടുത്തേക്ക് ഉരുണ്ടുരുണ്ട് വന്നു. തന്നെക്കാൾ വലിയൊരു പന്ത് തന്റെ അടുത്തേക്ക് ഉരുണ്ട് വരുന്നത് കണ്ട് കുഞ്ഞിപ്പന്ത് അല്പമൊന്ന് പേടിച്ചു. പുറകോട്ട് നീങ്ങി... പുറത്തുപറ്റിയ ചെളിയൊക്കെ തുടച്ചുമാറ്റി കാൽപ്പന്ത് കുഞ്ഞിപ്പന്തിന്റെ അടുത്തെത്തി. നീ ആരാ... നിന്നെ ഇവിടൊന്നും കണ്ടിട്ടില്ലല്ലോ... കുഞ്ഞിപ്പന്തും കാൽപ്പന്തും ഏറെനേരം സംസാരിച്ചു നിന്നു.*

**പ്രവർത്തനം 7: കുഞ്ഞി പന്തിന്റെ കൂട്ടുകാരൻ**

| **ശേഷികൾ / ധാരണകൾ** |
| --- |
| • സന്ദർഭത്തിനനുയോജ്യമായി സംഭാഷണങ്ങൾ എഴുതുന്നതിന് |

സംഭാഷണങ്ങൾ എഴുതുന്നതിനുള്ള വർക്ക് ഷീറ്റ് അധ്യാപിക കുട്ടികൾക്ക് നൽകുന്നു. വ്യക്തിഗതമായി എഴുതാനും പരസ്പരം കൈമാറി വായിക്കാനും തെറ്റ് തിരുത്താനും അവസരം നൽകുന്നു. തുടർന്ന് അധ്യാപിക എഴുതിയ സംഭാഷണം പ്രദർശിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തലുകൾ നടത്തി നോട്ട്ബുക്കിലേക്ക് എഴുതുന്നു.





## പ്രവർത്തനകാർഡ്

**സംഭാഷണം എഴുതാം**

കാൽപ്പന്ത് : നീ ആരാ? നിന്നെ ഇതിനുമുമ്പ് ഇവിടെ കണ്ടിട്ടില്ലല്ലോ...

കുഞ്ഞിപ്പന്ത് :

കാൽപ്പന്ത് :

കുഞ്ഞിപ്പന്ത് :

കാൽപ്പന്ത് :

കുഞ്ഞിപ്പന്ത് :

കാൽപ്പന്ത് :

കുഞ്ഞിപ്പന്ത് :

(ആഖ്യാനത്തിന്റെ ആദ്യഭാഗം ഓർമിപ്പിച്ചുകൊണ്ട് അധ്യാപിക ആഖ്യാനം തുടരുന്നു)

*കുഞ്ഞിപ്പന്തും കാൽപ്പന്തും എത്രവേഗമാണ് കൂട്ടുകാരായി മാറിയത്. അവരൊന്നിച്ച് ചേട്ടന്മാർക്കൊപ്പം കളിച്ചു. കളിച്ചുകളിച്ച് കുഞ്ഞിപ്പന്ത് ക്ഷീണിച്ചു. ഉരുണ്ടുരുണ്ട് കുഞ്ഞാറ്റയുടെ അടുത്തെത്തി. കുഞ്ഞിപ്പന്തിനെ കണ്ടതും കുഞ്ഞാറ്റയ്ക്ക് അതിശയമായി. നീ എങ്ങനെ ഇവിടെ എത്തി? നിന്റെ പുറത്ത് എങ്ങനെ ചെളിയായി? കുഞ്ഞാറ്റ ഓടിച്ചെന്ന് കുഞ്ഞിപ്പന്തിനെ കൈയിലെടുത്തു. ചെളിയൊക്കെ തുടച്ച് വൃത്തിയാക്കി ഉമ്മകൊടുത്തു. കുഞ്ഞിപ്പന്ത് മെല്ലെ കുഞ്ഞാറ്റയെ നോക്കി പുഞ്ചിരിച്ചു. കുഞ്ഞാറ്റ കുഞ്ഞിപ്പന്തിനെ വേഗം പുസ്തകസഞ്ചിയിൽ ഒളിപ്പിച്ചു. വീട്ടിലേക്ക് ഓടി. വീട്ടിലെത്തിയ കുഞ്ഞിപ്പന്തിന് അന്നത്തെ ദിവസം മറക്കാൻ കഴിഞ്ഞില്ല അന്നു നടന്ന കാര്യങ്ങൾ കുഞ്ഞിപ്പന്ത് ഡയറിയിൽ എഴുതി.*

**പ്രവർത്തനം 8: സ്വരചിഹ്നങ്ങൾ ചേർക്കാം**

- ഉചിതമായി ഡയറി എഴുതുന്നതിന്
- ശരിയായ സ്വരചിഹ്നങ്ങൾ ചേർക്കുന്നതിന്

**പ്രവർത്തന ക്രമം**

കുഞ്ഞിപ്പന്ത് ഡയറിയിൽ എഴുതിയ കാര്യങ്ങൾ നിങ്ങൾക്കും കാണണ്ടേ.

കുട്ടികൾക്ക് കുഞ്ഞിപ്പന്ത് എഴുതിയ ഡയറിയുടെ പ്രിന്റ് നൽകുന്നു. കുഞ്ഞിപ്പന്ത് സ്വരചിഹ്നങ്ങൾ ഉപയോഗിക്കാതെയാണ് പല വാക്കുകളും എഴുതിയിരിക്കുന്നത്. ശരിയായ സ്വരചിഹ്നങ്ങൾ ചേർത്ത് ഡയറിയിലെ വാക്യങ്ങൾ പൂർത്തീകരിക്കാൻ അവസരം നൽകുന്നു. പ്രവർത്തനകാർഡ് കുട്ടികൾ പൂർത്തിയാക്കിയ ശേഷം വാക്യങ്ങൾ ബോർഡിൽ/ചാർട്ടിൽ എഴുതുന്നു

കുഞ്ഞിപ്പന്തിന്റെ ഡയറി

**പ്രവർത്തനകാർഡ്**

കുഞ്ഞിപ്പന്ത് ചില വാക്കുകളിൽ സ്വരചിഹ്നങ്ങൾ ചേർത്തിട്ടില്ല ശരിയായ ചിഹ്നങ്ങൾ ചേർത്ത് എഴുതാമോ?

ര വ ല എഴുന്നേറ്റു

ക ഞ്ഞ റ്റ യ ടെ ബാഗിൽ കയറ

വ ദ ലയ ത്ത ല ക്ക പ യി

മലകൾ കണ്ട

പ ഴകൾ കണ്ട

മത നത്ത ൽ എത്തി

ക ൽപ്പന്ത ന കണ്ടു

ചട്ടൻമാർ ക്ക പ്പം കളിച്ചു

നല്ല ദ വസ ആയ ര ന്ന

അധ്യാപിക ഡയറി എഴുതുന്നതിന്റെ മികച്ച മാതൃകകൾ പരിചയപ്പെടുത്തണം.

**തുടർപ്രവർത്തനം**

നിങ്ങളുടെ ഒരു ദിവസത്തെ ഡയറി തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

**അധ്യാപകരോട്**

നമ്മൾ ഒരു ആഖ്യാനത്തിൽ നിന്നാണ് 8 പ്രവർത്തനങ്ങൾ തുടർച്ചയായി ചെയ്തു വന്നത്. 8 പ്രവർത്തനങ്ങളും നിങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടാകുമല്ലോ? ഇനി മറ്റൊരു ആഖ്യാനത്തിലേക്ക് കടക്കുകയാ

**ആഖ്യാനം 2**

## ഉണ്ണിക്കുട്ടന്റെ വിദ്യാലയത്തിലേക്ക്

(അധ്യാപിക തന്നിരിക്കുന്ന ആഖ്യാനം ഭാവാത്മകമായി അവതരിപ്പിക്കുന്നു)




*ഉണ്ണിക്കുട്ടന് സ്കൂളിൽ പോകാൻ എന്തുത്സാഹമാണെന്നറിയോ... എന്താണെന്നല്ലേ പുതുതായി ഒരു മാഷ് വന്നിട്ടുണ്ടത്രേ സ്കൂളിൽ. ഓരോ ദിവസവും ഉണ്ണിക്കുട്ടനെയും കൂട്ടുകാരെയും രസിപ്പിക്കാനുള്ളതെന്തെങ്കിലുമൊക്കെയുണ്ടാകും മാഷിന്റെ കൈയിൽ. പതിവിലും ഉത്സാഹത്തോടെ ഉണ്ണിക്കുട്ടൻ സ്കൂളിൽ പോകാനൊരുങ്ങി. ഇന്നെന്താകും മാഷ് ഞങ്ങൾക്കായി കൊണ്ടുവരിക ഉണ്ണിക്കുട്ടന് അറിയാൻ തിടുക്കമായി... അതാ മാഷ് എത്തിയല്ലോ.. ഇന്ന് മാഷിന്റെ കൈയിലൊന്നും കാണാനില്ലല്ലോ... ഉണ്ണിക്കുട്ടന് ആകെ നിരാശയായി ഉണ്ണിക്കുട്ടന്റെയും കൂട്ടുകാരുടെയും മുഖത്തെ നിരാശ കണ്ട് മാഷിനു കാര്യം പിടികിട്ടി. ഒന്നും മിണ്ടാതെ ചിരിച്ചുകൊണ്ട് ലാപ്ടോപ്പെടുത്തു. ഉണ്ണിക്കുട്ടനും കൂട്ടുകാർക്കും അഭിമുഖമായി വച്ചു. കുട്ടികൾക്ക് സന്തോഷമായി.*

മാഷ് കുട്ടികളെ കാണിച്ച വീഡിയോ നിങ്ങൾക്കും കാണണ്ടേ.

**പ്രവർത്തനം 9 : രസമുള്ള കാഴ്ചകൾ**

| **ശേഷികൾ/ധാരണകൾ** |
|---|
| • ദൃശ്യങ്ങൾ കണ്ട് ആശയം ഗ്രഹിക്കുന്നതിനും ഗ്രഹിച്ച ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നതിനും<br>• ഗ്രഹിച്ച ആശയങ്ങൾ ലിഖിതമായി പ്രകടിപ്പിക്കുന്നതിന് |

**പ്രവർത്തന ക്രമം**

അധ്യാപിക കുട്ടികൾക്ക് വേണ്ടി വീഡിയോ പ്രദർശിപ്പിക്കുന്നു.

https://youtu.be/6PDAOAZhVTw

വീഡിയോ കുട്ടികൾ കണ്ടതിനുശേഷം വീഡിയോയിൽ കണ്ട ദൃശ്യത്തിൽ നിന്നും കുട്ടികൾക്ക് മനസ്സിലായ കാര്യങ്ങൾ നോട്ട് ബുക്കിൽ കുറിക്കാൻ ആവശ്യപ്പെടുന്നു വ്യക്തിഗതമായി കുട്ടികൾക്ക് ഗ്രഹിച്ച ആശയങ്ങൾ പറയാൻ അവസരം നൽകുന്നു. അധ്യാപിക വീണ്ടും മറ്റൊരു വീഡിയോ പ്രദർശിപ്പിക്കുന്നു

https://youtu.be/5nqqgy0xzku

രണ്ടാമത്തെ വീഡിയോ പ്രദർശിപ്പിച്ച ശേഷം ആ വീഡിയോയിൽ കണ്ട കാര്യങ്ങൾ, അതിലെ ആശയങ്ങൾ കുട്ടികൾക്ക് വ്യക്തിഗതമായി പറയുവാൻ അവസരം. രണ്ടു വീഡിയോയും ദൃശ്യങ്ങൾ താരതമ്യം ചെയ്യാൻ അവസരം നൽകുന്നു. അധ്യാപികയുടെ സാന്നിധ്യത്തിൽ ചർച്ച. തുടർന്ന് കുട്ടികളെ അഞ്ച് പേർ വീതമുള്ള ഗ്രൂപ്പുകൾ ആക്കി മാറ്റുന്നു. ഓരോ ഗ്രൂപ്പിലും ഒരു ചാർട്ട് വീതം നൽകുന്നു ഐകമത്യം വിഷയമായി വരുന്ന പഴഞ്ചൊല്ലുകൾ എഴുതുവാൻ ആവശ്യപ്പെടുന്നു. കുട്ടികൾ പഴഞ്ചൊല്ലുകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിന്റെ അവതരണം അധ്യാപികയുടെ ഇടപെടലോടുകൂടി ക്രോഡീകരിച്ച് ബോർഡിൽ/ചാർട്ടിൽ എഴുതുന്നു. നോട്ട് ബുക്കിൽ കുറി ക്കാൻ അവസരം നൽകുന്നു.

> **<u>അധ്യാപകരോട്</u>**
>
> ഐകമത്യം മഹാബലം എന്നിങ്ങനെ ഐകമത്യത്തിന്റെ പഴഞ്ചൊല്ലുകളുടെ ഒരു ശേഖരം അധ്യാപിക കരുതിയിരിക്കണം. വീഡിയോകൾ പ്രദർശിപ്പിക്കുന്നതിനു മുമ്പ് അതിനെക്കുറിച്ച് ഒരു വിവരണവും നൽകേണ്ടതില്ല. കുട്ടികൾക്ക് സ്വയം ആശയ രൂപീകരണം നടക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കണം.

**തുടർപ്രവർത്തനം**

ഐകമത്യം വിഷയമായി എരുന്ന കഥകൾ ശേഖരിച്ച് സർഗവേളകളിൽ അവതരിപ്പിക്കുക.

(ആഖ്യാനത്തിന്റെ ആദ്യഭാഗം ഓർമിപ്പിച്ചുകൊണ്ട് അധ്യാപിക ആഖ്യാനം തുടരുന്നു.)

മാഷ് കാണിച്ച വീഡിയോ എല്ലാവർക്കും ഇഷ്ടമായി. മാഷേ.. ഇനി എന്താ... കുട്ടികൾ ഉത്സാഹത്തോടെ ചോദിച്ചു. നമ്മുടെ മാഷ് പുലിയാണ് . കുട്ടികൾ പരസ്പരം പറഞ്ഞു. മാഷ് ചിരിച്ചുകൊണ്ട് എഴുന്നേറ്റു. ബോർഡിനടുത്തേക്ക് നടന്നു.

മാഷിന്റെ കൈയിൽ പലനിറത്തിലുള്ള ചോക്കുകൾ ഉണ്ട്. എന്തോ വരയ്ക്കാനുള്ള പുറപ്പാടാണെന്ന് കുട്ടികൾക്കു മനസ്സിലായി. അവരും വേഗം നോട്ടുബുക്കെടുത്തു. മാഷ് എന്താ വരയ്ക്കുന്നതെന്നറിയാൻ കുട്ടികൾക്ക് ആകാംക്ഷയായി. മാഷ് വരയ്ക്കുക മാത്രമല്ല


ഒരു കവിതയും ബോർഡിൽ കുറിച്ചിട്ടുണ്ട്. മാഷ് എന്താണ് വരച്ചതെന്നും എഴുതിയതെന്തെന്നും നിങ്ങൾക്കും അറിയേണ്ടേ.

**പ്രവർത്തനം 10 : വരയ്ക്കാം നിറം നൽകാം**


- ചിത്രങ്ങൾ വരച്ച് നിറം നൽകുന്നതിന്
- കവിതകൾ വായിച്ച് സ്വയം ആശയം ഗ്രഹിക്കുന്നതിന്
- ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നതിന്

**പ്രവർത്തനക്രമം**


താഴെ തന്നിരിക്കുന്ന രീതിയിൽ അധ്യാപിക ബോർഡിൽ മയിലിന്റെ ചിത്രം വരയ്ക്കുന്നു. കുട്ടികൾ നോട്ട്ബുക്കിൽ ചിത്രം വരയ്ക്കുന്നു. നിറം നൽകി ഭംഗിയാക്കുന്നു.



(1)



(2)



(3)

**ഘട്ടം** **2**

അധ്യാപിക താഴെ കൊടുത്തിരിക്കുന്ന കവിത ബോർഡിൽ/ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കവിത വ്യക്തിഗതമായും സംഘമായും ഈണത്തിൽ ചൊല്ലാനും ആസ്വദിക്കാനുമുള്ള അവസരം നൽകുന്നു. കുട്ടികൾ സംഘമായി കവിത ഈണത്തിൽ ചൊല്ലുന്നു.

**സംഘബലം**

ഒരുതിരിയിൽ നിന്നും പലതിരി കൊളുത്താം
എരിയുന്ന പന്തമായതിനെ തീർക്കാം
സപ്തസ്വരം കൊണ്ട് സംഗീതം തീർക്കാം
സപ്തനിറം കൊണ്ടു മഴവില്ലു തീർക്കാം
സംഘബലത്തിന്റെ ശക്തി സൗന്ദര്യം
ഒറ്റയ്ക്കു നിന്നാൽ ലഭിക്കില്ലാർക്കും
പീലികൾ നീർത്തി നിന്നാടുന്ന
നീല മയിലിന്റെ ചേല് കാണൂ

- തിരുമല ശിവൻകുട്ടി

തുടർന്ന് **പ്രയോഗഭംഗി, ഇഷ്ടപ്പെട്ട വരികൾ, പുതിയപദങ്ങൾ, ആശയം** എന്നിങ്ങനെ പേരുകൾ എഴുതിയ പേപ്പർ സ്ട്രിപ്പുകൾ നൽകി കുട്ടികളെ നാല് ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പും അവരവരുടെ ഗ്രൂപ്പിൽ നൽകിയിരിക്കുന്ന പേരിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടത്തട്ടെ. ഇഷ്ടപ്പെട്ട വരികൾ എന്ന പേര് ലഭിച്ച ഗ്രൂപ്പ് ഇഷ്ടപ്പെട്ട വരികളും അതിന്റെ കാരണവും കണ്ടെത്തുന്നു. പ്രയോഗഭംഗി എന്ന സ്ട്രിപ്പ് ലഭിച്ച ഗ്രൂപ്പ് കവിതയിലെ പ്രയോഗങ്ങൾ അവ കവിതയ്ക്ക് നൽകുന്ന സവിശേഷമായ ഭംഗി എന്നിവ ചർച്ച ചെയ്ത് കണ്ടെത്തുന്നു. പുതിയ പദങ്ങൾ എന്ന ഗ്രൂപ്പ് കവിതയിലെ പുതിയ പദങ്ങളും അവയുടെ സമാനപദങ്ങളും കണ്ടെത്തുന്നു. ആശയം ഗ്രൂപ്പ് കവിതയുടെ ആശയം ചർച്ചചെയ്യുന്നു. ഓരോ ഗ്രൂപ്പും അവരവർ ചർച്ചചെയ്ത് കണ്ടെത്തിയ കാര്യങ്ങൾ ചാർട്ടിൽ എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു. അധ്യാപികയുടെ നേതൃത്വത്തിൽ കൂട്ടായ ചർച്ചകൾ നടത്തി ചാർട്ടിൽ/ബോർഡിൽ ക്രോഡീകരിക്കുന്നു. തുടർന്ന് ക്ലാസിൽ ചർച്ച ആസ്വാദനക്കുറുപ്പിലെന്തെല്ലാം? കുട്ടികളും അധ്യാപകരും ചേർന്ന് ആസ്വാദനക്കുറിപ്പിന്റെ വിവിധ ഘട്ടങ്ങൾ ചാർട്ടിൽ/ബോർഡിൽ രേഖപ്പെടുത്തുന്നു.

**ആസ്വാദനക്കുറിപ്പ്**

കവിപരിചയം

കവിതയുടെ ആശയം

ഇഷ്ടവരി/ഇഷ്ടപ്പെടാനുള്ള കാരണം

പ്രയോഗഭംഗി

താളഭംഗി

സ്വന്തം അഭിപ്രായം

കുട്ടികൾക്ക് ആസ്വാദനക്കുറിപ്പ് എഴുതാൻ അവസരം നൽകുന്നു. വ്യക്തിഗതരചനയെ തുടർന്ന് ഗ്രൂപ്പിന്റെ സഹായത്തോടെ സ്വന്തം രചനകൾ മെച്ചപ്പെടുത്തൽ, അധ്യാപിക തയാറാക്കിയ ആസ്വാദനക്കുറിപ്പിന്റെ അവതരണം. മെച്ചപ്പെടുത്തേണ്ടത് എവിടെയെല്ലാം? (ചർച്ച) മെച്ചപ്പെടുത്തിയ ആസ്വാദനക്കുറിപ്പ് വ്യക്തിഗതമായി എഴുതുന്നു.

**പ്രവർത്തനകാർഡ്**

| **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക** |
| --- |
| |

**തുടർപ്രവർത്തനം**

പാഠഭാഗത്തിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കവിതയ്ക്ക് ഒരസ്വാദനക്കുറിപ്പ് തയാറാക്കി ചാർട്ടിലെഴുതി ക്ലാസിൽ പ്രദർശിപ്പിക്കുക.

************************